"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എരഞ്ഞോളി ഗ്രാമപഞ്ചായത്ത് - "ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ദൈനംദിന നടത്തിപ്പ്" - ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം സെന്ററിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1743/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 24/09/2020

---

പരാമർശം:- 1 കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.06.2020-ലെ SRG/545/20-CC/482/20 നം.കത്ത്.

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 12.08.2020-ൽ ചേർന്ന യോഗത്തിലെ തീരുമാനം നം.4.15.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ 13,00,000/-രൂപ അടങ്കൽ തുക വകയിരുത്തി ആവിഷ്കരിച്ചിട്ടുള്ള "എരഞ്ഞോളി ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ ദൈനംദിന നടത്തിപ്പ്" എന്ന പദ്ധതിയുടെ (പ്രോജക്റ്റ് നം.51/21) ദൈനംദിന പ്രവർത്തനത്തിനായി ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം വരും വർഷങ്ങളിലെല്ലാം ഉപയോഗിക്കാൻ അനുമതി നൽകണമെന്ന് കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസർ അഭ്യർത്ഥിക്കുകയും പരാമർശം (1) പ്രകാരം പ്രസ്തുത വിഷയം വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തു.

2) ടി പദ്ധതിക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി 5,00,000/-രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 2,00,000/-രൂപയും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 1,92,000/-രൂപയും വികസന ഫണ്ട് 4,08,000/-രൂപയും ചേർത്താണ് 13,00,000/-രൂപ അടങ്കൽ വകയിരുത്തിയിട്ടുള്ളത്. ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം അടിസ്ഥാന വികസനത്തിന് (കെട്ടിട നിർമ്മാണം, വർക്ക് ഷെഡ് നിർമ്മാണം, ഫർണിച്ചർ മറ്റ് ഉപകരണങ്ങൾ) ഉപയോഗിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. തനത് ഫണ്ട് കുറവായതിനാൽ വരും വർഷങ്ങളിലും ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം സെന്ററിന്റെ ദൈനംദിന പ്രവർത്തനത്തിന് ഉപയോഗിക്കുന്നതിനാണ് 12.08.2020-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യപ്പെട്ടിട്ടുള്ളത്. 12.08.2020-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിഗണിക്കുകയും പരാമർശം(2)-ലെ തീരുമാനം നം.4.15 പ്രകാരം ഈ ഒരു വർഷത്തേയ്ക്ക് അനുമതി നൽകാൻ തീരുമാനിക്കുകയും ചെയ്തു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (2)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ "എരഞ്ഞോളി ബഡ്സ് റീഹോബിലിറ്റേഷൻ സെന്റർ ദൈനംദിന നടത്തിപ്പ്" എന്ന പദ്ധതി(പ്രോജക്ട്നം.51/21) നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം സെന്ററിന്റെ ദൈനംദിന പ്രവർത്തനത്തിന് നടപ്പ് സാമ്പത്തിക വർഷത്തേയ്ക്ക് മാത്രമായി ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി .കെ. പ്രതാപൻ**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

പ്രസിഡന്റ്, എരഞ്ഞോളി ഗ്രാമപഞ്ചായത്ത്, കണ്ണൂർ

ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ഇ&ആർഎസ്എ/ജി&എസ്എസ്എ), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ